**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൂടൽ ആധുനിക ഫിഷ് മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും തുക അനുവദിച്ച് നിർമ്മാണം ആരംഭിച്ച കോന്നി മണ്ഡലത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിനായി 06.06.2023 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് 15.06.2023 ൽ സ്ഥലം കൈമാറി നൽകിയെങ്കിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സൈറ്റ് ക്ലിയർ ചെയ്ത് ലഭിക്കാൻ താമസമുണ്ടായി. പദ്ധതി നടപ്പാക്കേണ്ട സ്ഥലത്ത് നിലനിന്നിരുന്ന പഴയ കെട്ടിടങ്ങൾ പഞ്ചായത്ത് മുഖേന 2024 ഓഗസ്റ്റ് മാസത്തിലാണ് പൊളിച്ചുമാറ്റിയത്. ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ